

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

കെ. ദാമോദരൻ



## 15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും

# സമ്പൂർണ്ണകൃതികൾ: ഭാഗം IV

**കെ. ദാമോദരൻ**

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

15 ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും . . . . . . . . . . . . . . . . . . . . . . . . 1
1 ബൗദ്ധദർശനത്തിന്റെ പിളർപ്പുകൾ . 3
2 ജ്ഞാനം യാഥാർത്ഥ്യമാണോ? . . . 4
3 ആത്മീയവാദത്തിന്റെ നുഴഞ്ഞുകയറ്റം 5
4 തിരിച്ചടിയുടെ കാലം . . . . . . . . . . 6

# 15

# ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും

ബുദ്ധൻ തന്റെ നിഗമനങ്ങളെ ഒരു സമ്പൂർണദർശനമെന്ന നിലയ്ക്ക് രൂപപ്പെടുത്തുകയുണ്ടായില്ല. അദ്ദേഹം സ്വന്തമായി യാതൊരു ഗ്രന്ഥവും രചിച്ചിട്ടില്ല. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ശിഷ്യന്മാർ ഓർമ്മയിൽ നിന്ന് എഴുതി തയ്യാറാക്കിയ തത്വങ്ങൾ ത്രിപിടകം (ജ്ഞാനത്തിന്റെ മൂന്ന് കൊട്ടകൾ) എന്ന പേരിലറിയപ്പെടുന്നു. ബുദ്ധന്റെ സിദ്ധാന്തങ്ങളും ഉപദേശങ്ങളുമാണവയിലടങ്ങിയിട്ടുള്ളത്. ഒന്നാമത്തേത് വിനയപിടകം. ബുദ്ധഭിക്ഷുക്കളനുസരിക്കേണ്ട നിയമങ്ങളാണ് അതിലെ ഉള്ളടക്കം. രണ്ടാമത്തേത് സുത്തപിടകം. ബുദ്ധതത്വങ്ങളാണതിലടങ്ങിയിട്ടുള്ളത്. മൂന്നാമത്തേത് അഭിധർമപിടകം. ബുദ്ധതത്വങ്ങളുടെ വിശകലനമാണിതിലുള്ളത്. ഇവയെല്ലാം പാലി ഭാഷയിലാണ്.

## 1 ബൗദ്ധദർശനത്തിന്റെ പിളർപ്പുകൾ

ബുദ്ധന്റെ മരണത്തിനുശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാർക്കിടയിൽ അഭിപ്രായവ്യത്യാസങ്ങൾ പൊന്തിവന്നു. അതിൻഫലമായി ബുദ്ധദർശനങ്ങൾ വിവിധ ശാഖകളായി പിരിഞ്ഞു. വൈഭാഷികം, സൗത്രാന്തികം, യോഗാചാരം, മാദ്ധ്യമികം എന്നിവയാണവയിൽ പ്രാധാന്യമർഹിക്കുന്നവ.

അസിങ്ഗൻ, വസുബന്ധു എന്നീ ബുദ്ധശിഷ്യന്മാരുടെ നേതൃത്വത്തിൽ വളർന്നുവന്ന യോഗാചാരത്തിലും അശ്വഘോഷൻ, നാഗാർജ്ജുനൻ മുതലായവരുടെ നേതൃത്വത്തിൽ പുഷ്ടിപ്പെട്ട മാദ്ധ്യമികത്തിലും ആത്മീയവാദത്തിന്റെ പ്രവണതകളാണ് മുന്നിട്ടുനിൽക്കുന്നത്. മാധ്യമികം ഒരുതരം ശൂന്യവാദമാണ്. നിരീക്ഷിക്കപ്പെടുന്ന വസ്തുക്കൾ യഥാർത്ഥത്തിൽ നിലനിൽക്കുന്നില്ലെന്നും നിലനിൽക്കുന്നുണ്ടെന്ന തോന്നുന്നത് വെറും ഭ്രമം മാത്രമാണെന്നും കേവലം ശൂന്യതമാത്രമാണിവിടെയുള്ളതെന്നുമാണ് അത് വാദിക്കുന്നത്. യോഗാചാരത്തിന് വിജ്ഞാനവാദം എന്നുകൂടി പേരുണ്ട്. ബാഹ്യവസ്തുക്കൾ അവയിൽ നിന്ന സ്വതന്ത്രമായി നിലനിൽക്കുന്ന ആശയങ്ങളാൽ സൃഷ്ടിക്കപ്പെട്ടവയാണ് എന്നാണ് അത് വാദിക്കുന്നത്. നേരെമറിച്ച് വൈഭാഷികം, സൗത്രാന്തികം എന്നീ ബുദ്ധദർശനവാദങ്ങളിൽ വൈരുദ്ധ്യഭാവത്തിന്റെ പല അംശങ്ങളും കാണാം. ജഗത്തിൽ സ്വയംഭൂവായി യാതൊന്നുമില്ലെന്നും ഒന്ന മറ്റൊന്നുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പ്രകൃതി ചലനാത്മകമാണെന്നും വസ്തുവിന്റെ മാറ്റത്തിനിടയിൽ ഗുണാത്മകമായ പരിവർത്തനങ്ങൾ ഉണ്ടാവുകയും പഴയതിൽ നിന്ന് പുതിയത് ആവിർഭവിക്കുകയും ചെയ്യുന്നുവെന്നും മറ്റുമുള്ള വൈരുദ്ധ്യവാദതത്വങ്ങൾ അവയിലടങ്ങിയിട്ടുണ്ട്. വിപരീതങ്ങളുടെ സമന്വയം, അവയുടെ വൈരുദ്ധ്യം, വൈരുദ്ധ്യത്തിലൂടെയുള്ള വളർച്ച മുതലായവയെപ്പറ്റിയും അവ്യക്തരൂപത്തിലാണെങ്കിലും, പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്.

ബുദ്ധതത്വങ്ങളുടെ അനുയായികളും വ്യാഖ്യാതാക്കളുമായ ദിങ്നാഗൻ (ക്രിസ്തുവബ്ദം നാലാം നൂറ്റാണ്ട്), ധർമകീർത്തി (7-ാം നൂറ്റാണ്ട്), ധർമോത്തരൻ (9-ാം നൂറ്റാണ്ട്) മുതലായ ദാർശനികന്മാർ ബുദ്ധന്റെ വൈരുദ്ധ്യവാദപരമായ ചിന്തകളെ കൂടുതൽ പരിപുഷ്ടമാക്കുകയുണ്ടായി. പക്ഷേ, അതോടൊപ്പംതന്നെ ആത്മീയവാദപ്രവണതകളേയും കൂടുതൽ വളർത്തുകയാണവർ ചെയ്തത്.

എല്ലാ വസ്തുക്കളും ഇടവിടാതെ ചലിക്കുകയും മാറുകയും രൂപാന്തരപ്പെടുകയും ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ ഏതെങ്കിലുമൊരു വസ്തുവിനെ ശരിക്കു മനസ്സിലാക്കുന്നതെങ്ങനെയാണ്? ഈ ചോദ്യത്തിനു മറുപടി കണ്ടെത്താൻ ശ്രമിച്ചുകൊണ്ട് കാര്യകാരണ ബന്ധങ്ങളെപ്പറ്റിയും നിരീക്ഷണം, നിഗമനം എന്നിവയുടെ സ്വഭാവങ്ങളെപ്പറ്റിയും ബാഹ്യവസ്തുവും മാനസികപ്രവർത്തനങ്ങളും തമ്മിലുള്ള ബന്ധങ്ങളെപ്പറ്റിയും വിലപിടിച്ച പല തത്വങ്ങളും അവരുന്നയിച്ചു.

## 2 ജ്ഞാനം യാഥാർത്ഥ്യമാണോ?

നിരീക്ഷണത്തിന് രണ്ടു ഘടകങ്ങളുണ്ട്: ഇന്ദ്രിയവും മനസ്സും. പഞ്ചേന്ദ്രിയങ്ങളുടെ സഹായത്തോടുകൂടിയാണ് നമ്മൾ വസ്തുക്കളെപ്പറ്റി മനസ്സിലാക്കുന്നത്. പക്ഷേ, എല്ലാ വസ്തുക്കളും ഇടവിടാതെ മാറിക്കൊണ്ടിരിക്കുകയാണ്. നിരീക്ഷിക്കപ്പെടുന്ന വസ്തുവിന് നൈമിഷികവും ക്ഷണികവുമായ നിലനിൽപേയുള്ളൂ. അത് ഇന്ദ്രിയഗ്രാഹ്യമാകുമ്പോഴേക്കും നാമതിനെ മറ്റു ചിലതുമായി ബന്ധിപ്പിക്കുന്നു. ഒരു നിമിഷത്തിൽ കാണപ്പെടുന്ന വസ്തു അടുത്ത നിമിഷത്തിലും അതു തന്നെയാണെന്നു തോന്നാം. പക്ഷേ, യഥാർത്ഥത്തിൽ രണ്ടും ഒന്നല്ല, വസ്തുവിന്റെ നൈമിഷികവും ക്ഷണികവുമായ ഘട്ടത്തെ അതിന്റെ ഭൂതവുമായും ഭാവിയുമായും ബന്ധപ്പെടുത്തിക്കൊണ്ട് മാത്രമേ മനസ്സിലാക്കാൻ കഴിയൂ. പക്ഷേ, അതോടെ ആ ക്ഷണികഘട്ടത്തിന്റെ സ്വഭാവം നശിക്കുന്നു. മനസ്സിന്റെ ക്രിയാത്മകമായ ഭാവനകൊണ്ട് മാത്രമാണ് വസ്തുവെപ്പറ്റിയുള്ള ജ്ഞാനമുണ്ടാകുന്നത്. അപ്പോൾ യാഥാർത്ഥ്യവും ജ്ഞാനവും ഒന്നല്ല. യാഥാർത്ഥ്യത്തെ മനസ്സിലാക്കാൻ നിരീക്ഷണം സഹായിക്കുന്നുവെന്നതു ശരിയാണ്. പക്ഷേ, അതു സ്വയം ജ്ഞാനമാകുന്നില്ല. മനസ്സിൽ വസ്തുവെപ്പറ്റിയുള്ള വ്യക്തമായ പ്രതിബിംബങ്ങൾ നിർമിക്കപ്പെടുമ്പോളാണ് ജ്ഞാനമുണ്ടാകുന്നത്. ഉദാഹരണത്തിന് നാം ഒരിരമ്പം കേൾക്കുന്നുവെന്നിരിക്കട്ടെ. എന്തിന്റെ ശബ്ദമാണത്? ഈച്ചകളുടെ ഇരമ്പിച്ചയാണോ? ദൂരത്തുനിന്നുള്ള വിസിലിന്റെയോ വിമാനത്തിന്റെയോ ശബ്ദമാണോ? ക്രിയാത്മകമായ ഭാവനയാണ് ഈ ചോദ്യത്തിന് മറുപടി പറയുന്നത്. അപ്പോൾ യഥാർത്ഥമായിട്ടുള്ളത് പഞ്ചേന്ദ്രിയങ്ങളുടെ പ്രവർത്തനം മാത്രമാണ്. വസ്തുവേപ്പറ്റിയുള്ള ജ്ഞാനമാകട്ടെ, സവിശേഷങ്ങളായ ചില മാനസിക പ്രവർത്തനങ്ങളുടെ ഫലമാണ്. ഈ വാദഗതിയിലൂടെ, വസ്തുവേപ്പറ്റിയോ അതിന്റെ ഗുണങ്ങളെപ്പറ്റിയോ ഉള്ള എല്ലാ ജ്ഞാനവും അയഥാർത്ഥങ്ങളാണെന്ന് ദിങ്നാഗൻ പ്രഖ്യാപിക്കുന്നു. എന്നല്ല, ചിന്തിച്ച് ചിന്തിച്ച് മാനസികപ്രവർത്തനം മാത്രമേ ഉള്ളുവെന്നും വസ്തുനിഷ്ഠമായ യാഥാർത്ഥ്യത്തിനു നിലനില്പില്ലെന്നുംവരെ അദ്ദേഹം ചെന്നെത്തുന്നുണ്ട്.

ധർമകീർത്തിയാവട്ടെ, മനസ്സിന് പുറത്ത് യാഥാർത്ഥ്യമുണ്ടെന്നു സമ്മതിക്കുന്നു. വസ്തുവും ഇന്ദ്രിയാഗ്രഹ്യമായ നിരീക്ഷണവും രണ്ടും യഥാർത്ഥമാണ്. ഇന്ദ്രിയാഗ്രാഹ്യമായതിനെയാണ് ബുദ്ധി ഗ്രഹിക്കുന്നത്. എന്നതുകൊണ്ട് മാത്രം അത് അയഥാർത്ഥമായിക്കൊള്ളണമെന്നില്ല. പക്ഷേ, രണ്ടു നിരീക്ഷണങ്ങൾക്കും തമ്മിൽ വ്യത്യാസമുണ്ട്. ബാഹ്യവസ്തു ഇന്ദ്രിയങ്ങളെ ഉണർത്തിവിടുകയും അവയ്ക്ക് പ്രചോദനം നൽകുകയും ചെയ്യുന്നു. ഇന്ദ്രിയങ്ങളുടെ സഹായത്തോടുകൂടി മനസ്സ് പ്രവർത്തിപ്പിക്കുകയും വസ്തുവേപ്പറ്റിയുള്ള ആശയം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇങ്ങനെയാണ് ജ്ഞാനമുണ്ടാകുന്നത്. പക്ഷേ, വസ്തുവിന്റെ ക്ഷണികസ്വഭാവം യഥാർത്ഥ ജ്ഞാനത്തെ അസാധ്യമാക്കിത്തീർക്കുന്നു.

വസ്തുവിന്റെ അവിഭാജ്യമായ കാര്യകാരണബന്ധങ്ങളെപ്പറ്റി ധർമകീർത്തി ഊന്നിപ്പറയുന്നുണ്ട്.

1. കാര്യം ആശയത്തിലടങ്ങിയിരിക്കുന്നു. എന്നുവെച്ചാൽ, അറിയപ്പെടുന്ന വസ്തുവും അറിയുന്നവരും തമ്മിൽ ബന്ധപ്പെടുന്നു.
2. കാര്യം അറിയപ്പെടുന്ന വസ്തുവിൽ മാത്രമല്ല, അതുപോലെയുള്ള, അതേ ജാതിയിലുള്ള, മറ്റു വസ്തുക്കളിലും അടങ്ങിയിരിക്കുന്നു. വസ്തുക്കൾ തമ്മിലുള്ള ബന്ധത്തെയാണിതു കാണിക്കുന്നത്.

ഇന്ത്യയിലെ പ്രാചീന തത്വജ്ഞാനികളെ സംബന്ധിച്ചിടത്തോളം, തത്വശാസ്ത്രം മടിയന്മാരുടെ കസേരവേദാന്തമായിരുന്നില്ല. ജ്ഞാനം പ്രവർത്തനത്തിനുള്ള ഉപാധിയായിരുന്നു. അതുകൊണ്ടാണ് ജ്ഞാനവും പ്രവർത്തിയും തമ്മിലുള്ള അവിഭാജ്യബന്ധത്തെപ്പറ്റി ധർമകീർത്തി വിസ്തരിച്ചു പ്രതിപാദിക്കുന്നതും. തെറ്റായ അറിവ് ലക്ഷ്യത്തിലേക്ക് നയിക്കുകയില്ല എന്നദ്ദേഹം തീർത്തു പറയുന്നു.

ധർമ്മോത്തരൻ ധർമകീർത്തിയുടെ പലവാദങ്ങളോടും യോജിക്കുകയും അവയെ കൂടുതൽ പുഷ്ടിപ്പെടുത്തുകയുമാണ് ചെയ്യുന്നത്.

## 3 ആത്മീയവാദത്തിന്റെ നുഴഞ്ഞുകയറ്റം

ദിങ്നാഗൻ, ധർമകീർത്തി, ധർമ്മോത്തരൻ എന്നിവർക്കു പുറമെ വേറെയും ചില ബുദ്ധശിഷ്യന്മാർ ഇന്ത്യയിലെ വൈരുദ്ധ്യവാദ ചിന്തകളെ വളർത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പക്ഷേ, അവരിൽ പ്രധാനികളായ മിക്കവരും ആത്മീയവാദികളായിരുന്നു. ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിലല്ല, ആത്മീയവാദത്തിന്റെ അടിസ്ഥാനത്തിലാണ്, അവർ വൈരുദ്ധ്യവാദചിന്താഗതികളെ വളർത്തിയത്. രാഹുൽ സാംകൃത്യായൻ ചൂണ്ടിക്കാണിക്കുന്നു:

> 'മാർക്സിയൻ തത്വശാസ്ത്രത്തിന്റെ വളർച്ചയിൽ ഹേഗലിന്റെ തത്വശാസ്ത്രം പ്രധാനമായ പങ്കുവഹിച്ചിട്ടുണ്ടെന്നും അതുപോലെ തന്നെ ഹേഗലിന്റെ തത്വശാസ്ത്രത്തിലെ പൊരുത്തക്കേടുകൾ തീർക്കാൻ മാർക്സിയൻ തത്വശാസ്ത്രം അതിൻറേതായ പങ്കു വഹിച്ചിട്ടുണ്ടെന്നും നമുക്കറിയാം. ഹേഗലിന്റെ തത്വചിന്തയുടെ രൂപത്തിൽ തലകിഴക്കാം തൂക്കായി നിർത്തപ്പെട്ട യാഥാർത്ഥ്യത്തെ മാർക്സ് വൈരുദ്ധ്യാധിഷ്ഠിതമായ ഭൗതികവാദത്തിന്റെ രൂപത്തിൽ അതിന്റെ കാലിൻമേൽ നിർത്തി എന്നു പറയപ്പെടാറുണ്ട്. ഹേഗലിന്റെ അഭിപ്രായത്തിൽ മനസ്സ് അല്ലെങ്കിൽ ആശയമാണ് പ്രാഥമികം. അതിൽ നിന്നുണ്ടായവയാണ് യാഥാർത്ഥ്യവും ഭൗതികപദാർത്ഥവും. മാർക്സിന്റെ അഭിപ്രായത്തിലാകട്ടെ, ഭൗതികപദാർത്ഥമാണ് പ്രാഥമിക വസ്തു. അതിന്റെ വളർച്ചയുടെ ഏറ്റവും ഉയർന്നരൂപം മാത്രമാണ് മനസ്സ്. ബുദ്ധമതതത്വങ്ങൾ അവയുടെ ഏറ്റവും ഉയർന്ന അവസാനരൂപത്തിൽ, മിക്കവാറും ഹേഗലിന്റെ ആത്മീയവാദത്തോടു സാമ്യം വഹിക്കുന്നു.'

ബുദ്ധദർശനത്തിന്റെ മൗലിക ചിന്തകൾക്കു മാത്രമല്ല, പ്രായോഗിക പ്രവർത്തനങ്ങൾക്കും മാറ്റങ്ങൾ സംഭവിച്ചു. ബ്രാഹ്മണമേധാവിത്വത്തിനും സാമൂഹ്യ നീതികൾക്കുമെതിരായി സമരം ചെയ്തു ബുദ്ധൻ സമാധാനത്തിന്റെയും ക്ഷമയുടെയും അവതാരമൂർത്തിയായി മാറി. ത്യാഗം ചെയ്യാനും ആത്മസംയമനം ശീലിക്കാനും സാമൂഹ്യപരിഷ്കാരങ്ങൾക്കുവേണ്ടി പ്രവർത്തിക്കാനും തന്റെ ശിഷ്യന്മാരെ ഉപദേശിച്ച ബുദ്ധൻ കേവലം ഒരു ധ്യാനിയായ ബുദ്ധനായി രൂപാന്തരപ്പെട്ടു. യുക്തിയുടെ സ്ഥാനത്ത് വീണ്ടും അന്ധവിശ്വാസങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. കഷ്ടപ്പാടുകളിൽ നിന്നുള്ള മോചനത്തിന് ബുദ്ധപൂജയാണ് പോംവഴി എന്നു വിശ്വസിക്കപ്പെട്ടു. കഷ്ടപ്പാടുകളും യുദ്ധങ്ങളും സാമൂഹ്യമായ കാരണങ്ങളിൽ നിന്നല്ല, വ്യക്തികളുടെ അജ്ഞതയിൽ നിന്നാണുണ്ടാകുന്നത് എന്ന വിശ്വാസം പ്രചരിക്കപ്പെട്ടു. അങ്ങനെ ക്രമത്തിൽ ഒരു കാലത്ത് വിപ്ലവകരമായിരുന്ന ബൗദ്ധദർശനത്തിന്റെ കർമ്മോന്മുഖതയും ഓജസ്സും ക്ഷയിക്കാൻ തുടങ്ങി.

## 4 തിരിച്ചടിയുടെ കാലം

അശോകൻ മരിച്ചയുടനെ തന്നെ ബ്രാഹ്മണമതം വീണ്ടും തലപൊക്കാൻ ശ്രമിക്കുകയുണ്ടായി. പുഷ്യമിത്രന്റെ കാലത്ത് ബുദ്ധസിദ്ധാന്തങ്ങൾക്കെതിരായി പല ആക്രമണങ്ങളുമുണ്ടായി. കനിഷ്കന്റെ കാലത്ത് ബൗദ്ധദർശനം വീണ്ടും പ്രോത്സാഹിപ്പിക്കപ്പെട്ടു. പക്ഷേ, അപ്പോഴേക്കും പഴയ ബൗദ്ധദർശനത്തിന്റെ രൂപം മാറിക്കഴിഞ്ഞിരുന്നു. ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിൽ ചില ഒത്തുതീർപ്പുകളെല്ലാമുണ്ടായിക്കഴിഞ്ഞിരുന്നു.

ബുദ്ധമതവും ബ്രാഹ്മണമതവും തമ്മിൽ ഒത്തുതീർപ്പുകൾ മാത്രമല്ല, വമ്പിച്ച സമരങ്ങളുമുണ്ടായി. ക്രിസ്തുബ്ദം ഒന്നാം നൂറ്റാണ്ടിനും 7-ാം നൂറ്റാണ്ടിനുമിടയിലുണ്ടായ ഈ ഒത്തുതീർപ്പുകളിലൂടെയും സമരങ്ങളിലൂടെയുമാണ് ഇന്ത്യൻ തത്വശാസ്ത്രം വളരുകയും വികസിക്കുകയും ചെയ്തത്.

ആത്മീയവാദത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് ബൗദ്ധദർശനത്തെ വെല്ലുവിളിച്ച തത്വജ്ഞാനികളിൽ പ്രധാനി ക്രിസ്തുബ്ദം 7-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന കുമാരിലഭട്ടനാണ്. സനാതനമായ ജാതിവ്യവസ്ഥയേയും സാമൂഹ്യസ്ഥാപനങ്ങളേയും എതിർക്കാൻ ബൗദ്ധന്മാർക്ക് എന്തധികാരമാണുള്ളത് എന്നദ്ദേഹം ശുണ്ഠിയെടുത്തുകൊണ്ടു ചോദിച്ചു. തന്റെ തന്ത്രവാർത്തികയിൽ ബുദ്ധന്റെ നേർക്കു പരിഹാസം പൊഴിച്ചുകൊണ്ട് അദ്ദേഹം എഴുതി:

> ‘ഒരു ക്ഷത്രിയനായി ജനിച്ചിട്ടും ഭരിക്കുന്ന ജാതിയുടെ ധർമത്തിനെതിരായ ഉപദേശങ്ങൾ കൊടുക്കുന്ന, ഭിക്ഷയാചിച്ചുകൊണ്ട് ഉപജീവനം കഴിക്കുകയും ചെയ്ത ബുദ്ധൻ മറ്റുള്ളവർക്ക് നല്ല മാർഗം പഠിപ്പിച്ചുകൊടുത്തതെങ്ങനെയാണ്? ആ ഉപദേശങ്ങളെ ആശ്രയിക്കുന്നതെങ്ങനെയാണ്…? അതുകൊണ്ട് ബുദ്ധൻ പഠിപ്പിച്ച അഹിംസ മുതലായ ഉൽകൃഷ്ടതത്വങ്ങൾ നായയുടെ തോൽകൊണ്ടുണ്ടാക്കിയ പാത്രത്തിലൊഴിച്ച പശുവിൻ പാൽ പോലെ അപവിത്രമാണ്, അവിശ്വാസ്യമാണ്, അസ്വീകാര്യമാണ്.

താത്വികമായ ഇത്തരം ആക്രമണങ്ങളുടെയും സാമൂഹ്യവ്യവസ്ഥയിലുണ്ടായ മാറ്റങ്ങളുടെ മുമ്പിൽ ബൗദ്ധദർശനത്തിന് തലയുയർത്തി നിൽക്കാൻ വയ്യാതെയായി. ക്രിസ്തുബ്ദം 8-ാം നൂറ്റാണ്ടിൽ അതിന് ശങ്കരാചാര്യരുടെ കടുത്ത താത്വികപ്രഹരങ്ങളെ നേരിടേണ്ടിവന്നു. അതോടുകൂടിയാണ് ബൗദ്ധദർശനം സമരരംഗത്തിൽ നിന്നു പിൻവാങ്ങിയത്. പക്ഷേ, ഇന്ത്യയിൽ പരാജയപ്പെട്ടുവെങ്കിലും ചൈന, ജപ്പാൻ, സിലോൺ മുതലായ മറ്റു രാജ്യങ്ങളിലും ബുദ്ധമതത്തിന്റെ പതാക പാറിക്കൊണ്ടിരിക്കുകതന്നെ ചെയ്തു. ☐

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്നു കെ. ദാമോദരൻ (ഫെബ്രുവരി 25, 1904– ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 4

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. മണ്ണിനടിയിലെ അത്ഭുതങ്ങൾ
2. ആര്യന്മാരുടെ വിജയം
3. പ്രാചീനേന്ത്യയുടെ സാമൂഹ്യ-രാഷ്ടീയ പരിവർത്തനങ്ങൾ
4. തത്വചിന്തയുടെ ആരംഭം
5. ആസ്തികരും നാസ്തികരും
6. ലോകായതദർശനം
7. സാംഖ്യദർശനം
8. യോഗദർശനം
9. വൈശേഷികദർശനം
10. ന്യായദർശനം
11. മീമാംസ
12. ജൈന-ബുദ്ധമതങ്ങളുടെ പശ്ചാത്തലം
13. ജൈനദർശനം
14. ബൗദ്ധദർശനം
15. ബൗദ്ധദർശനത്തിന്റെ വളർച്ചയും അധഃപതനവും
16. പ്രാചീനേന്ത്യയിലെ സാഹിത്യവും കലയും ശാസ്ത്രവും
17. ഇന്ത്യയിലെ ഫ്യൂഡലിസം
18. ഹിന്ദുമതം
19. ശങ്കരാചാര്യരുടെ അദ്വൈതവാദം
20. വിശിഷ്ടാദ്വൈതവും ദ്വൈതവും
21. ഫ്യൂഡൽ വ്യവസ്ഥയിൽ പുതിയ സാമൂഹ്യശക്തികൾ
22. ഭക്തിപ്രസ്ഥാനം
23. ബ്രിട്ടിഷ് ഭരണം
24. ആയിരത്തെണ്ണൂറ്റി അമ്പത്തിയേഴ്
25. ദേശീയ നവോത്ഥാനത്തിന്റെ മതപരിഷ്കരണ പ്രസ്ഥാനങ്ങൾ
26. സ്വാമി വിവേകാനന്ദൻ
27. ശ്രീ നാരായണ ഗുരു
28. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റം
29. ലോകമാന്യതിലകനും അരവിന്ദഘോഷും
30. രവീന്ദ്രനാഥ ടാഗോർ
31. മഹാത്മാഗാന്ധി
32. ദാർശനികരംഗത്തെ വൈരുദ്ധ്യങ്ങൾ
33. പുതിയൊരു തത്വശാസ്ത്രത്തിലേക്ക്


### വെബ് പതിപ്പു കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10


സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014